(ഇ) 1998-99-ലെ ബോർഡിന്റെ താൽക്കാലിക വാർഷിക കണക്കനുസരിച്ച് വൈദ്യുതി വിറ്റുകിട്ടിയ തുകയുടെ ഏകദേശം 26.50 ശതമാനമാണ് ബോർഡിനു പലിശ ഇനത്തിൽ നൽകേണ്ടി വരുന്നത്.

(എഫ്) ബോർഡ് എടുത്തിട്ടുള്ള ഭൂരിഭാഗം വായ്പകൾക്കും സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്.

(ജി) 1998-99-ലെ താൽക്കാലിക വാർഷിക കണക്കനുസരിച്ച് പ്രസ്തുത വർഷം ഗ്യാരന്റി കമ്മീഷനായി നൽകേണ്ട തുക ഏകദേശം 10.42 കോടി രൂപയാണ്.

(എച്ച്) 31-3-1997 വരെയുള്ള ഗ്യാരന്റി കമ്മീഷൻ ബോർഡ് സർക്കാരിന് നൽകിയിട്ടുണ്ട്. 1997-98, 1998-99 എന്നീ വർഷങ്ങളിലേക്കുള്ള ഗ്യാരന്റി കമ്മീഷനായി സർക്കാരിനു നൽകേണ്ടതായ കുടിശ്ശിക തുക 12.72 കോടി രൂപയോളമാണ്.

ട്രൈബൽ മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ

9 (*339) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ട്രൈബൽ മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ ട്രൈബൽ മെഡിക്കൽ മൊബൈൽ യൂണിറ്റുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ മൊബൈൽ യൂണിറ്റുകളുടെ പ്രവർത്തനത്തിൽ പോരായ്മകൾ ഉള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അവയുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന മൊബൈൽ യൂണിറ്റുകളുടെ പ്രവർത്തനം പണത്തിന്റെയും വാഹനത്തിന്റെയും അഭാവത്തിൽ പ്രതിസന്ധിയിലാണെന്ന് ബോദ്ധ്യമായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഒരിക്കൽ മരുന്ന് നൽകിക്കഴിഞ്ഞാൽ മെഡിക്കൽ ടീം രണ്ടും മൂന്നും മാസങ്ങൾക്ക് ശേഷമാണ് അവിടം വീണ്ടും സന്ദർശിക്കാറുള്ളതെന്നും മരുന്നിന്റെ ദൂഷ്യഫലങ്ങളോ രോഗത്തിന്റെ മാറ്റങ്ങളോ ഡോക്ടറെ അറിയിക്കാൻ സാധിക്കാത്തതിനാൽ ആദിവാസികൾ പലപ്പോഴും മെഡിക്കൽ ടീമിന്റെ പ്രവർത്തനം ഉപയോഗിക്കുന്നില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ആവശ്യത്തിനുള്ള വാഹനസൗകര്യവും ഡോക്ടർമാർ ഉൾപ്പെടെയുള്ള മറ്റ് സ്റ്റാഫിനെയും നൽകി സംസ്ഥാനത്തെ ട്രൈബൽ മെഡിക്കൽ മൊബൈൽ യൂണിറ്റുകളെ കൂടുതൽ പ്രയോജനപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ ?

പിന്നോക്ക - പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്. ജില്ലതിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

ജില്ല	എം. എം. യു
തിരുവനന്തപുരം	
കൊല്ലം	എം.എം.യു നെടുമങ്ങാട്
പത്തനംതിട്ട	
ഇടുക്കി	എം.എം.യു തൊടുപുഴ
പാലക്കാട്	എം.എം.യു.1 അഗളി
പാലക്കാട്	എം.എം.യു.2 അഗളി
മലപ്പുറം	മൊബൈൽ ഡിസ്പെൻസറി നിലംപൂർ
വയനാട്	,, കൽപ്പറ്റ
വയനാട്	,, വൈത്തിരി
വയനാട്	,, അമ്പലവയൽ
വയനാട്	,, സുൽത്താൻബത്തേരി
വയനാട്	,, മാനന്തവാടി
കണ്ണൂർ	,, തളിപ്പറമ്പ്
കാസർഗോഡ്	,, കാസർഗോഡ്
ഇടുക്കി	,, അടിമാലി

(ബി) ഉണ്ട്. പോരായ്മകൾ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾക്ക് മരുന്ന് വാങ്ങുന്നതിന് പ്രതിവർഷം 20,000 രൂപയാണ് അനുവദിച്ച് വന്നത് ഇത് അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ഈ തുക 50,000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വാഹനങ്ങളുടെ ഡീസൽ ചാർജ് ഇനത്തിൽ നേരത്തെ അനുവദിച്ചിരുന്ന 1000 രൂപ എന്നത് ഇരട്ടിയാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ തൊടുപുഴയിൽ പ്രവർത്തിച്ചു വരുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റ് ഇടുക്കിയിലെ തന്നെ ചെറുതോണിയിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് കേന്ദ്രമാക്കിയുള്ള ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റാണ് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നത്. മൂന്നു ജില്ലകളിലായി 130 പട്ടികവർഗ്ഗ കോളനികളിൽ ഈ യൂണിറ്റ് സന്ദർശനം നടത്തിവരുന്നു. ഈ യൂണിറ്റിന് വാഹനം ലഭ്യമാണ്. പണത്തിന്റെ അഭാവം അനുഭവപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു നിശ്ചിതസമയത്തേക്കുള്ള മുൻകൂർ പരിപാടി തയ്യാറാക്കിയാണ് കോളനി സന്ദർശിക്കുന്നത് എങ്കിലും കുറഞ്ഞത് മാസത്തിൽ രണ്ട് തവണ സന്ദർശനം നടത്താൻ ശ്രമം നടത്തുന്നുണ്ട്.

(എഫ്) മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഹെൽത്ത്കാർഡ് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഹെൽത്ത് കാർഡുകളിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ ആറുമാസം കൂടുമ്പോൾ പുനഃപരിശോധിക്കുവാനും അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗപ്പെടത്തക്ക തരത്തിലുമാണ് കാർഡുകൾ തയ്യാറാക്കിയിട്ടുള്ളത്. ഹെൽത്ത് കാർഡ് വിതരണത്തിനായി എല്ലാ ജില്ലകളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

(ജി) നടപടി സ്വീകരിച്ചുവരുന്നു.

നീതി മെഡിക്കൽ സ്റ്റോറുകൾ

10 (*340) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീതി സ്റ്റോറുകൾ വഴിയുള്ള നിത്യോപയോഗ സാധനങ്ങളുടെയും നീതി മെഡിക്കൽ സ്റ്റോറുകൾ വഴിയുള്ള മരുന്നിന്റെയും വിതരണം പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) നീതി സ്റ്റോറുകൾ ആരംഭിച്ച അവസരത്തിൽ പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് എന്തു വിലയായിരുന്നുവെന്നും നീതി സ്റ്റോറുകളിൽ എന്തു വിലയ്ക്കാണ് വിൽപ്പനയാരംഭിച്ചതെന്നും വ്യക്തമാക്കാമോ ;

(സി) പൊതുവിപണിയിലും നീതിസ്റ്റോറിലും നിലവിലുള്ള വിലനിലവാരം താരതമ്യം ചെയ്ത് എത്ര ശതമാനം വർദ്ധനവ്/കുറവ് ഉണ്ടെന്ന് അറിയിക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) നീതിസ്റ്റോറുകൾ വഴിയുള്ള നിത്യോപയോഗ സാധനങ്ങളുടെയും നീതി മെഡിക്കൽ സ്റ്റോറുകൾ വഴിയുള്ള മരുന്നിന്റെയും വിതരണം വഴി പൊതു വിപണിയിലെ വിലനിലവാരം നിയന്ത്രിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിലുള്ള സഹകാര്യ കച്ചവടക്കാർ പ്രധാനപ്പെട്ട നിത്യോപയോഗ സാധനങ്ങൾ നീതി സ്റ്റോറുകളിലെ വിലയ്ക്കുതന്നെ വിൽക്കുന്ന പ്രവണത രൂപപ്പെട്ടുവന്നിട്ടുണ്ട്. നീതിസ്റ്റോറുകളുടെ പ്രവർത്തനമാരംഭിക്കുന്നതിന് മുമ്പ്

LIBRARY ARCHIVES Kerala Legislative Assembly